(ബി) 161 കോടി രൂപ പ്രതീക്ഷിക്കുന്നു. 7.5 കോടി രൂപ ഇൻഷ്വറൻസ് പരിരക്ഷക്കും, 7.5 കോടി രൂപ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും ബാക്കി വരുന്ന 146 കോടി രൂപ സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന ചെലവിലേക്ക് മുതൽ കൂട്ടുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇക ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ചുമത്താനുദ്ദേശിക്കുന്ന നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

24 രൂപ വരെ ഇല്ല.

25 മുതൽ 49 രൂപവരെ 2 രൂപ

50 മുതൽ 74 രൂപവരെ 3 രൂപയായാണ്

75 മുതൽ 99 രൂപവരെ 4 രൂപയായാണ്

100 രൂപയ്ക്ക് മുകളിൽ 10 രൂപ

കെ.എസ്.ആർ.ടി.സി. പുതിയ പദ്ധതികൾ

311 (317) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം സമീകരിക്കുന്നതിനായി കൊറിയർ/ പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ നാളിതുവരെ അനുബന്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) അനുബന്ധ പദ്ധതി സാദ്ധ്യത സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരത്തിലുള്ള ഒരു ക്രമീകരണം നടത്തുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിനായുള്ള ലേലം/ടെണ്ടർ നടപടിക്രമങ്ങൾ നടന്നു വരുന്നു.

(ബി) ഇല്ല. 2007 മുതൽ കൊറിയർ/പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിനായി നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ തുടർച്ചയായാണ് നടപടികൾ സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പഠനത്തിനായി തുക ചെലവാക്കിയിട്ടില്ല. 21-10-2007 മുതൽ നടന്ന ടെണ്ടറുകൾക്കായി 6,39,450 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. നേരിട്ട് കൊറിയർ/പാഴ്സൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നില്ല. മുൻ രണ്ടു വർഷങ്ങളിൽ ആകെ 15 കോടി രൂപയെങ്കിലും വരുമാനം ഉണ്ടാക്കിയിട്ടുള്ളതും, കുറഞ്ഞത് 60 വാഹനങ്ങളെങ്കിലും നിലവിൽ ഉള്ളതും, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഏജൻസികൾ ഉള്ളതുമായ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കാണ് കൊറിയർ പാഴ്സൽ സർവ്വീസ് കെ.എസ്.ആർ.ടി.സി.-യിൽ നടത്തുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ അർഹതയുള്ളത്. കെ.എസ്.ആർ.ടി.സി. നേരിട്ട് കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടില്ലാത്തതിനാലും വരുമാനത്തിന്റെ നിശ്ചിത ശതമാനവും, സ്ഥല സൗകര്യവും, ബസ്സിലെ കൊറിയർ ബോക്സുകളും നൽകുന്ന ഇനത്തിൽ പ്രതിമാസം കുറഞ്ഞത് രണ്ട് ലക്ഷം രൂപയും ലഭിക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതിനാലും ഇക്കാര്യത്തിൽ കൂടുതൽ വിദഗ്ധ പഠനത്തിന്റെ ആവശ്യകത ഉണ്ടെന്ന് കരുതുന്നില്ല.

കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ

312 (318) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഇവ വാങ്ങുന്നതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം ഡിപ്പോകളിലേയ്ക്കാണ് നൽകിയിട്ടുള്ളതെന്ന വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) അടൂർ ഡിപ്പോയിലേയ്ക്ക് നൽകാമെന്ന് ഉറപ്പ് നൽകിയിരുന്ന പുതിയ ബസ്സ് ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 1330 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

ടാറ്റാ - 410 എണ്ണം - വില - 65.989 കോടി രൂപ

ലൈലാൻഡ് - 890 എണ്ണം - വില - 126.22 കോടി രൂപ

ഏയ്ഷർ - 20 എണ്ണം - വില - 2.084 കോടി രൂപ

വോൾവോ - 10 എണ്ണം - വില - 9.439 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly